ഉത്തരം

(എ) ഒരു ജില്ലയിലും ഫോറസ്റ്റർ നിയമനത്തിലുള്ള റാങ്ക്‌ലിസ്റ്റ് നിലവിലില്ല.

(ബി) സ്പെഷ്യൽ റൂൾസ് അനുസരിച്ച് ഫോറസ്റ്റ്ഗാർഡുമാർക്ക് പ്രൊമോഷൻ നൽകുന്നത് ഒഴിവു വരുന്ന തസ്തികയുടെ 65 ശതമാനത്തിലേക്കാണ്. എന്നാൽ റാങ്ക്‌ലിസ്റ്റ് നിലവിലില്ലാത്തപ്പോൾ മറ്റ് ഒഴിവുകളിലേക്കും ഫോറസ്റ്റ്ഗാർഡുമാർക്ക് താൽക്കാലിക പ്രൊമോഷൻ നൽകിവരുന്നുണ്ട്.

(സി) സ്പെഷ്യൽ റൂൾ ഭേദഗതി വരുത്താത്തതിനാൽ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അർഹതപ്പെട്ട 10 ശതമാനം തസ്തിക കൂടി ചേർത്ത് 35 ശതമാനം തസ്തികയിൽ പി.എസ്.സി. മുഖാന്തിരമാണ് നിയമനം നൽകുന്നത്.

(*കുറിപ്പ്.*— സ.ഉ. (എംഎസ്.)11/98 തീയതി 31-1-1998 പ്രകാരം 10 ശതമാനം ഒഴിവുകൾ മിനിസ്റ്റീരിയൽ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ റൂൾസ് ഇതുവരെ ഭേദഗതി വന്നിട്ടില്ലാത്തതിനാൽ കോടതി ഉത്തരവിൻപ്രകാരം പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരമുള്ള നിയമനം ഇപ്പോൾ നടത്തുന്നില്ല. ആയതിനാൽ പ്രസ്തുത ഒഴിവുകൾകൂടി പി.എസ്.സി. മുഖാന്തിരമാണ് നികത്തുന്നത്.)

റെയിഞ്ചർ തസ്തികയിൽ ബി.എസ്സി. ഫോറസ്ട്രിക്കാർക്ക് നിയമനം

119 [1253] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ റെയിഞ്ചർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ എത്ര ശതമാനമാണ് ബി.എസ്സി. ഫോറസ്ട്രിക്കാർക്ക് നിയമനം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നിയമനം നൽകുന്നത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനം നൽകുന്നതിനാവശ്യമായ തരത്തിൽ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25 ശതമാനം.

(ബി) 11-8-1993-ലെ ജി.ഒ. (എംഎസ്.) 60/93/വനം. 20-12-1994-ലെ ജി.ഒ. (പി.) 80/94/വനം. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്.

(സി) വരുത്തിയിട്ടുണ്ട്. (എസ്.ആർ.ഒ. നമ്പർ 1606/93, എസ്.ആർ.ഒ. നമ്പർ 92/95 എന്നിവ പ്രകാരം സ്പെഷ്യൽ റൂൾസിൽ മതിയായ ഭേദഗതി വരുത്തിയിട്ടുണ്ട്)

LIBRARY ARCHIVES Kerala Legislative Assembly